(ബി) വൈദ്യുതി ചാർജിന്റെ വർദ്ധനവ് പിൻവലിക്കണമെന്ന് വ്യവസായികൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉൽപ്പാദനച്ചെലവ് വർദ്ധിക്കുകയും ലാഭം കുറയുകയും ചെയ്യും. ഉൽപ്പന്നവില വർദ്ധിപ്പിച്ചു ലാഭമുണ്ടാക്കാൻ ശ്രമിച്ചാൽ വിപണന മാന്ദ്യം സംഭവിക്കും.

(ബി)&(സി) ഉണ്ട്. വർദ്ധിപ്പിച്ച വൈദ്യുതി ചാർജിൽ നിന്നും ചെറുകിട വ്യവസായങ്ങളെ ഒഴിവാക്കണമെന്ന് ചെറുകിട വ്യവസായ അസ്സോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൻകിട വ്യവസായികളും ഇപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. സി.ഐ.ഐ. യും (സതേൺ റീജിയൻ) ഇത് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

13 (515) വൈദ്യുതി ചാർജ് വർദ്ധനവ് മൂലം അടച്ചു പൂട്ടിയ വ്യവസായങ്ങൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇപ്പോൾ വർദ്ധിപ്പിച്ച വൈദ്യുതിചാർജ്ജ് താങ്ങാൻ കഴിയാത്തതുമൂലം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ട് എന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പരിധിയിലുള്ള വ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ വൈദ്യുതി ചാർജ്ജ് വർദ്ധന കാരണം അടച്ചു പൂട്ടിയിട്ടില്ല. ചെറുകിട വ്യവസായ മേഖലയിലുളളവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

14 (516) എഫ്.ടി., ഇ.എഫ്.ടി ഉപഭോക്താക്കളുടെ മേൽ ചുമത്തിയ വൈദ്യുതി വർദ്ധന

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മേയ് 15-ാം തീയതി മുതൽ പ്രാബല്യത്തിൽവന്ന ഉത്തരവു മൂലം ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ വ്യാവസായിക ഉപഭോക്താക്കളുടെ മേൽ ചുമത്തിയ 40% വൈദ്യുതി വിലവർദ്ധനവ് വ്യാവസായിക മേഖലയിൽ എന്തെങ്കിലും പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണ്;

(സി) ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ വ്യവസായികളുടെ മേൽ 1997 ഫെബ്രുവരി 1998 ഫെബ്രുവരി 1999 ഫെബ്രുവരി 1 എന്നീ വർഷങ്ങളിൽ ചുമത്തിയ വൈദ്യുതി ചാർജ്ജ് വർദ്ധനവ് എത്രയാണ്;

(ഇ) ടി.ഒ.ഡി ഡിഫറൻഷ്യൽ പ്രൈസിംഗിന്റെ ഫലമായിട്ട് എത്ര ശതമാനം വർദ്ധനവാണ് ഈ ഉപഭോക്താക്കളുടെ മേൽ ചുമത്തിയിട്ടുള്ളത്;

(എഫ്) 1997 ജനുവരിയിൽ നിലവിലുണ്ടായിരുന്ന നിരക്കുകളെ അപേക്ഷിച്ച് 107% വർദ്ധനവ് 1999 മേയ് മാസം ആയപ്പോഴേയ്ക്കും ഉണ്ടായിട്ടുണ്ടോ;

(ജി) ഇതുമൂലം വ്യാവസായിക മേഖലയിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ;

(എച്ച്) എങ്കിൽ അത് എങ്ങനെ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉൽപ്പാദനച്ചെലവിൽ വർദ്ധനവുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ഹൈടെൻഷൻ വ്യവസായികൾക്ക് യഥാക്രമം 35%, 9%, 9% എന്നിങ്ങനെയും, എക്സ്ട്രാ ഹൈടെൻഷൻ വ്യവസായികൾക്ക് യഥാക്രമം 36%, 9%, 9% എന്നിങ്ങനെയുമായിരുന്നു.

(ഇ) അനൗദ്യോഗിക കണക്കനുസരിച്ച് എക്സ്ട്രാ ഹൈടെൻഷൻ കാർക്ക് ടി.ഒ.ഡി. 8% ആണ്.

(എഫ്)-(എച്ച്) വൈദ്യുതി ചാർജ്ജ് വർദ്ധനയെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിനായി വിദ്യുച്ഛക്തി ബോർഡ് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

15 (517) സംസ്ഥാനത്ത് സംയുക്ത മേഖലയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയുക്തമേഖലയിൽ സർക്കാർ ഏതെങ്കിലും വ്യവസായം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇത് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ)-(സി) കെ.എസ്.ഐ.ഡി.സി. 26 ശതമാനത്തിലേറെ ഓഹരി പങ്കാളിത്തത്തോടെ സ്വകാര്യ സംയുക്തമേഖലയിൽ 39 വ്യവസായങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി നൽകുന്നു.†

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly